# ഒരു ശിശുവിന്റെ ജനനം

## യെശയ്യാവ് 9:6

**“നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു എന്ന് പേർ വിളിക്കപ്പെടും.”**

ക്രിസ്തു പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമാണെന്ന് ഈ വാക്യം വ്യക്തമാക്കുന്നു. ‘ഒരു ശിശു ജനിച്ചിരിക്കുന്നു’ എന്ന് പറയുന്നത് യേശുവിന്റെ മനുഷ്യത്വത്തെയും, ‘ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു’ എന്നു പറയുന്നത് യേശുവിന്റെ ദൈവത്വത്തെയും വെളിപ്പെടുത്തുന്നു. ഈ അത്ഭുതശിശുവിന് നൽകപ്പെട്ടിരിക്കുന്ന മറ്റ് നാലുപേരുകളും ശ്രദ്ധേയമാണ്.

1. അത്ഭുത മന്ത്രി - **wonderful counceler** എന്ന് **English** ൽ ഈ പേരിനെ വിളിക്കുന്നു. യേശുക്രിസ്തുവിൽ ദൈവം വച്ചുകൊടുത്ത ആധിപത്യം, അധികാരത്തോടും ജ്ഞാനത്തോടും കൂടെ നിർവഹിക്കുവാൻ ക്രിസ്തുവിന് കഴിഞ്ഞു. മത്തായി 28:18 ൽ “സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു” എന്ന് പറഞ്ഞിരിക്കുന്നു. യേശുവിലൂടെ ലോകത്തിൽ തന്റെ എല്ലാ പ്രവർത്തനങ്ങളും നടത്തപ്പെടുവാനുള്ള ദൈവപിതാവിന്റെ വലിയ തീരുമാനം ഇതിലൂടെ വ്യക്തമാണ്. ദൈവമക്കൾക്ക് അത് ഗ്രഹിക്കുവാനും യേശുവിലൂടെ പിതാവിന്റെ സന്നിധിയിൽ എപ്പോഴും കടന്നുചെല്ലുവാനും സാധിക്കും.
2. വീരനാം ദൈവം - ജനിക്കുന്ന ശിശുവിന്റെ പേര് ‘വീരനാം ദൈവം’ എന്നായിരിക്കും എന്ന് യെശയ്യാപ്രവാചകന് ദൈവം വെളിപ്പെടുത്തി കൊടുത്തു. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു. പിതാവിന്റെ പ്രവൃത്തിക്ക് തുല്യനായവനാണ് പുത്രനായ ക്രിസ്തു. യേശുക്രിസ്തുവിന്റെ ദൈവത്വത്തെ ഇപ്രകാരം മനസ്സിലാക്കുവാനും അംഗീകരിക്കുവാനും പരിശുദ്ധാത്മാവിലൂടെ മാത്രമേ ഒരു വ്യക്തിക്ക് സാധിക്കുകയുള്ളൂ.
3. നിത്യ പിതാവ് മലാഖി 2:10 ൽ ദൈവം എല്ലാവരുടെയും സ്രഷ്ടാവ് എന്ന നിലയിൽ എല്ലാവർക്കും പിതാവാണ്. ആകയാൽ പിതാവായ ദൈവത്തെയും, പുത്രനായ ദൈവത്തെയും ഒരേ അർത്ഥത്തിൽ ‘നിത്യപിതാവ്’ എന്നുതന്നെ സംബോധന

ചെയ്യുന്നു. കാരണം സാരാംശത്തിൽ ക്രിസ്തുവും പിതാവാം ദൈവവും തുല്യരാണ്. യോഹന്നാൻ 10:30 ൽ "ഞാനും പിതാവും ഒന്നാകുന്നു" എന്ന് യേശു പറയുന്നു.

4. സമാധാന പ്രഭു. – സമാധാനമില്ലാത്ത ലോകത്തിൽ ശാശ്വത പരിഹാരം തരുന്ന ഏകവ്യക്തി ക്രിസ്തുവാണ്. യെശയ്യാവ് 52:7 ൽ ക്രിസ്തു സമാധാനം ഘോഷിക്കുന്നവനും, പ്രസിദ്ധമാക്കുന്നവനുമാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നതു മൂലം ഒരു വ്യക്തിക്ക് ദൈവത്തോട് സമാധാനം ഉണ്ടാകുന്നു എന്ന് റോമർ 5:1 ൽ നാം കാണുന്നു. ക്രിസ്തു വസിക്കുന്ന ജീവിതങ്ങൾക്ക് പരസ്പരം സമാധാനത്തിൽ കഴിയുവാൻ സാധിക്കേണ്ടതാകുന്നു.

ഈ നാളുകളിൽ ദൈവം മനുഷ്യകുലത്തിനായി നൽകിയ ശിശുവിന്റെ സവിശേഷതകൾ വീണ്ടും ധ്യാനിക്കുവാനും, യേശു എന്ന മഹാദാനത്തെ നമുക്കു നൽകിയ ദൈവത്തിനു നന്ദി പറയുവാനും, യേശുവിന്റെ വാക്കുകളെ അനുസരിച്ച് ജീവിക്കുവാനും എല്ലാവർക്കും സാധിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

പരാമർശം:

യെശയ്യാവ് 9:2
ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു.

സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 025